**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.241 — 28.01.2019 ൽ മറുപടിക്ക്

**കോതമംഗലം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | മധ്യകേരളത്തിൽ ആദിവാസികളുൾപ്പെടെ നിരവധി രോഗികൾ ആശ്രയിക്കുന്ന കോതമംഗലം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സ.ഉ.(ആർ.റ്റി).നം.997/2018/ആ.കു.വ. തീയതി 24.03.2018 പ്രകാരം കോതമംഗലം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയ്ക്ക് വികസന പ്രവർത്തനങ്ങൾക്കായി 2,18,44,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവർത്തികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡു വഴി നടന്നു വരുന്നു. |
| (ബി) | ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രസ്തുത ആശുപത്രിയിൽ പുതിയതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോതമംഗലം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഇവിടെ ദന്തൽ മെക്കാനിക്, ഇ.സി.ജി.ടെക്നീഷ്യൻ, മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ എന്നിവയിൽ ഓരോ തസ്തിക വീതവും സ്റ്റാഫ് നഴ്സിന്റെ രണ്ട് തസ്തികകളും ലാബ് ടെക്നീഷ്യന്റെ മൂന്ന തസ്തികകളും അധികമായി സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | ആദിവാസികളടക്കമുള്ളവരുടെ ആശ്രയവും പകർച്ചപനിയുൾപ്പെടെ ഗുരുതര രോഗങ്ങൾ ഉണ്ടാകാറുള്ള പ്രദേശമായ എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിലെ സർക്കാർ ആശുപത്രിയായ കോതമംഗലം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ മെഡിക്കൽ ഇന്റൻസീവ് കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ